**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 324** **03.02.2020 - ൽ മറുപടിക്ക്.**

**അർഹരായവർക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് കാർഡുകൾ മാറ്റി നൽകുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ആന്റണി ജോൺ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** നിലവിൽ എ.പി.എൽ. വിഭാഗത്തിൽ റേഷൻ കാർഡ് ലഭിച്ചിട്ടുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അർഹരായ കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് കാർഡുകൾ മാറ്റി നൽകുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | **(എ)** കാർഡുടമകൾ തന്നിരിക്കുന്ന അപേക്ഷ പ്രകാരം നേരിൽ വിളിച്ച് ഹിയറിംഗ് നടത്തി ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ 30 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്ന കുടുംബങ്ങളെ മാർക്കിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ ടി പട്ടികയിൽ നിന്ന് മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി വരുന്നു. ഇപ്രകാരം ക്ലേശഘടകങ്ങൾക്ക് മാർക്ക് നൽകുമ്പോൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും ഉൾപ്പെട്ടുവരുന്നുണ്ട്. |
| **(ബി)** ഇത്തരത്തിൽ ബി.പി.എൽ. വിഭാഗത്തിലേക്ക് കാർഡുകൾ മാറ്റുന്നതിനുവേണ്ടി കോതമംഗലം താലൂക്ക് സപ്ലൈ ഓഫീസിൽ എത്ര അപേക്ഷകൾ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | **(ബി)** 3114 |
| **(സി)** ഇതിൽ എത്ര അപേക്ഷകർക്ക് ബി.പി.എൽ. വിഭാഗത്തിലേക്ക് കാർഡ് മാറ്റി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | **(സി)** 1655 |
| **(ഡി)** അർഹരായ മുഴുവൻ അപേക്ഷകർക്കും ബി.പി.എൽ.വിഭാഗത്തിലേക്ക് കാർഡ് മാറ്റി നല്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | **(ഡി)** മുൻഗണനാ പട്ടിക നിരന്തരമായ പരിഷ്കരണത്തിന് വിധേയമായതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്ന മുറക്ക് അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരികയാണ്. |

**സെക്ഷൻ ഓഫീസർ**